# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 05/2024
# 20.07.2024 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. കെട്ടിടനിർമ്മാണ ഫണ്ട്
6. മെമ്പർഷിപ്പ് /യൂണിറ്റ് വിസിറ്റ്
7. പ്ലെയ്സ്മെന്റുകൾ
8. നാലുവർഷ ബിരുദ കോഴ്സ്
9. വിവിധ സബ്കമ്മറ്റികൾ
10. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., ഡോ. എ. ബാലകൃഷ്ണൻ, ഡോ. മാണിക്ക്യരാജ് കെ., ഡോ. വിഷ്ണു വി. എസ്., ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. എം. എ. അസ്ക്കർ, ഡോ. സുനിൽ രാജ്, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. റിജുലാൽ ജി., ഡോ. മഞ്ജുള കെ.വി., സജിത്ത് കുമാർ പി., ഡോ. ഷാനവാസ് പി.എച്ച്, ഡോ. കെ. റഹീം, ഡോ. മോത്തി ജോർജ്, സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഉദയകുമാർ, ഡോ. സജ്ജയ് എസ്. എസ്, ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. റോസ് നിക്സ് പി.കെ., ഡോ.ബേബി ഷീബ സി. പി., ഡോ. ആർ. പ്രഗാഷ്, ഡോ. സുജ ടി.വി., ഡോ. സുനിത എ. പി. ,ഡോ. സെനോ ജോസ്

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ.എം.കെ ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ബിജെപി അക്രമി സംഘം മൃഗീയമായി കൊലപ്പെടുത്തിയ ത്രിപുര ബെലോണിയയിലെ സി.പി.ഐ(എം)ജില്ലാ പരിഷത്ത് സ്ഥാനാർത്ഥി സഖാവ് ബാദൽ ഷില്ല്, പ്രശസ്ത ഹൃദയശസ്ത്രക്രിയാവിദഗ്ദ്ധൻ ഡോ. എം എസ് വല്യത്താൻ, കുവൈറ്റ് തീപിടിത്ത ദുരന്തത്തിൽ മരണമടഞ്ഞവർ,കെ.ജി.ഒ.എ കോട്ടയം ജില്ല പ്രസിഡണ്ട് എൻ പി പ്രമോദ് കുമാർ,ആമയിഴഞ്ചാൻ തോട്ടിൽ ജീവൻ നഷ്ടമായ ശുചീകരണ തൊഴിലാളി ജോയി, ഛത്തീസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച സി.ആർ.പി.എഫ് ജവാൻ വിഷ്ണു, പ്രശസ്ത ചലച്ചിത്ര നിർമ്മാതാവും സംവിധായകനുമായ അരോമ മണി, ചലച്ചിത്ര സംവിധായകൻ വേണു ഗോപൻ തുടങ്ങിയവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സംഗീത കോളേജ് അധ്യാപകരുടെ സർവീസ് സംബന്ധമായ വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് കത്ത് നൽകുകയും ഇതിന്റെ ഭാഗമായി ആഗസ്റ്റ് 9 ന് സംഘടനയുമായി ഈ വിഷയം ചർച്ച ചെയ്യുന്നതുമാണ്.കോളേജുകളിൽ ഗസ്റ്റ് അധ്യാപക നിയമനം സംബന്ധിച്ച ഉത്തരവിൽ വ്യക്തത വേണമെന്നാവശ്യപ്പെട്ട് സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകുകയും ഇതിന്റെ ഭാഗമായി വ്യക്തത വരുത്തിയ ഉത്തരവ് പുറത്തിറങ്ങുകയും ചെയ്തു. പറവൂർ കോളേജിന്റെ പ്രവർത്തനം സുഗമമാക്കുക, മഹാരാജാസ് കോളേജിലെ രണ്ട് കോസ്റ്റ് ഷെയറിങ് കോഴ്സുകൾ റഗുലറൈസ് ചെയ്യുക, പ്രിൻസിപ്പൽ ചാർജ്ജ് വഹിക്കുന്ന അധ്യാപകർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കുക തുടങ്ങിയ വിഷയത്തിൽ സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് കത്ത് നൽകുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. മേൽ വിഷയങ്ങൾ ധനകാര്യ മന്ത്രിയുമായി ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ചർച്ച നടത്തുകയുണ്ടായി. മേൽ വിഷയത്തിൽ അനുകൂലമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാവുന്നതാണ്.

കോളേജു വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ കോളേജ് അധ്യാപകരുടെ പൊതു സ്ഥലംമാറ്റത്തിൽ മാനദണ്ഡങ്ങൾ അട്ടിമറിക്കുന്ന രീതിയിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇടപെടുന്ന രീതി അവസാനിപ്പിക്കണെമെന്നാവശ്യപ്പെട്ടുകൊണ്ട് സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കത്ത് നൽകുകയും ഇതേ തുടർന്ന് ഉന്നതവിദ്യാഭ്യാസവകുപ്പ് പൊതു സ്ഥലംമാറ്റ മാനദണ്ഡം കൃത്യമായി പാലിച്ചു വെന്ന് ഉറപ്പാക്കി ഉത്തരവ് പുറത്തിറക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ശക്തമായ നിർദ്ദേശം നൽകുകയും ചെയ്തു . ഇതെത്തുടർന്ന് 17.07.2024 ബുധനാഴ്ച വൈകുന്നേരത്തോടു കൂടി രണ്ട് വിഷയങ്ങൾ ഒഴികെ എല്ലാ അന്തിമ സ്ഥലം മാറ്റ ഉത്തരവുകളും പുറത്തിറങ്ങുകയുണ്ടായി.

ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലെ നമ്മുടെ അധ്യാപകരുടെ വർക്ക് ലോഡ് വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തുകയും ആ വിഷയം പരിഹരിക്കുകയും ചെയ്തു.

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കേസ് ട്രിബ്യൂണലിൽ എത്തുകയും കോടതി ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് ആരാഞ്ഞിട്ടുമുണ്ട്. ഇതിന്റെ വസ്തുതകൾ കോടതിയെ ബോധ്യപ്പെടുത്തി പ്രിൻസിപ്പൽ നിയമന നടപടികൾ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കുന്നതിനാവശ്യമായ ഇടപെടൽ സംഘടന നടത്തുന്നതാണ്.

പ്ലെയ്സ്മെന്റ്/ പ്രൊമോഷൻ നടപടികളിൽ ഇലക്ഷന്റെ പെരുമാറ്റചട്ടം നീങ്ങിയ സാഹചര്യത്തിൽ സംഘടനയുടെ ഇടപെടലിനെതുടർന്ന് പുനരാരംഭിച്ചിട്ടുണ്ട്. 2023 ജൂണിൽ നൽകിയ 6000-7000 പ്ലെയ്സ്മെന്റ് അപേക്ഷകളുടെ ഉത്തരവ് ഉടനെ ഇറങ്ങും.

കിഫ്ബി പദ്ധതിയിൽപെട്ട് മുടങ്ങികിടക്കുന്ന സർക്കാർ കോളേജുകളിലെ നിർമ്മാണ പ്രവർത്തികളുടെ ക്രോഡീകരണം എ.സി.എസ്.ആർന്റെ നേതൃത്വത്തിൽ നടത്തുകയും ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ബഹു.ധനകാര്യ മന്ത്രിക്ക് സംഘടന നൽകുകയുണ്ടായി. ഈ വിഷയം എത്രയും വേഗം കിഫ്ബിയുമായി ചർച്ചചെയ്ത് പരിഹരിക്കാമെന്ന് ധനകാര്യ വകുപ്പ് സംഘടനക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ക്രോഡീകരിക്കുന്നതിൽ സംഘടന ഏറ്റെടുത്ത ശ്രമം ശ്ലാഘിക്കപ്പെട്ടു.

കേരള സർവ്വകലാശാല സിൻഡിക്കേറ്റിലേക്ക് മത്സരിക്കേണ്ടുന്ന സ്ഥാനാർത്ഥികളെ ആ മേഖലയിലെ പ്രവർത്തകസമിതി അംഗങ്ങളുടെ യോഗം

ചേർന്ന് തീരുമാനിക്കുകയും അവർ പത്രിക സമർപ്പിക്കുകയും ചെയ്തു. സർവ്വകലാശാലകളിൽ ചാൻസിലർ നടത്തിവരുന്ന തെറ്റായ ഇടപെടലുകൾക്കെതിരെ സംസ്ഥാന തലത്തിൽ വിവിധ സംഘടനകൾ ചേർന്ന് നടത്തിയ വിദ്യാഭ്യാസ സംരക്ഷണസദസ്സ് വൻ വിജയമായിരുന്നു.

പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് തിരിച്ചുപിടിക്കാനുള്ള എ.ജി നടപടിക്കെതിരെ സർക്കാരിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. 19% ഡി.എ കുടിശ്ശിക ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ധനകാര്യ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. മഹാരാജാസ് കോളേജ് ഓട്ടോണമി സംബന്ധിച്ച എ.സി.എസ്.ആറിന്റെ കരട് റിപ്പോർട്ട് ഇന്ന് സംഘടന ചർച്ച ചെയ്യും.

യൂണിറ്റ് വിസിറ്റ്/മെമ്പർഷിപ്പ് സമാഹരണം എത്രയും വേഗം പൂർത്തീകരിക്കണം. നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തണം.

യു.ജി.സി ഏഴാം ശമ്പള പരിഷ്കരണത്തിന്റെ കേന്ദ്ര വിഹിതം നേടുന്നതിനായി ഐഫെക്ടോ തലത്തിൽ വേണ്ട ഇടപെടൽ ഇനിയും നടത്തുന്നതാണ്.

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ വരുന്ന നമ്മുടെ അധ്യാപകരുടെ പ്രശ്നം വളരെ ഗൗരവതരമാണ് ഇത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എഫ്.എസ്.ഇ.ടി.ഒ യുമായി ചേർന്ന് വേണ്ട ഇടപെടൽ നടത്തിവരുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.**

**തീരുമാനങ്ങൾ**

1. മെമ്പർഷിപ്പ് പ്രവർത്തനം, യൂണിറ്റ് വിസിറ്റ് എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.
2. മഹാരാജാസ് കോളേജ് ഓട്ടോണമസ് പദവിയിലേക്ക് മാറിയതിനു ശേഷം നിലനിൽക്കുന്ന വിഷയങ്ങൾ എ.സി.എസ്.ആർ.ന്റെ നേതൃത്വത്തിൽ പഠനം നടത്തി സമഗ്രമായ റിപ്പോർട്ട് സെപ്റ്റംബറിൽ ചേരുന്ന സംസ്ഥാന പ്രവർത്തക സമിതിയിൽ സമർപ്പിക്കണം.
3. പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെൻറ് തിരിച്ചുപിടിക്കുന്ന എ.ജി നടപടിക്കെതിരെ സർക്കാരിൽ വേണ്ട ഇടപെടൽ നടത്തും
4. പ്രിൻസിപ്പൽ നിയമനം സീനിയോരിറ്റി അനുസരിച്ച് എത്രയും വേഗം നടത്താൻ ആവശ്യമായ ഇടപെടൽ നടത്തും.
5. ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ നിയമനം, ലോ കോളേജ് അധ്യാപകർക്ക് പേസ്ലിപ്പ് ലഭിക്കാനുള്ള കാലതാമസം എന്നിവയിൽ വേണ്ട ഇടപെടൽ നടത്തും.
6. ബി. ഓപ്ഷൻ അസ്സോസ്സിയേറ്റ് പ്രൊഫസ്സർ സംബന്ധിച്ച് പുതിയ ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ യു.ജി.സി. ഉത്തരവിൽ വ്യക്തത വരുത്താൻ വേണ്ട ഇടപെടൽ വീണ്ടും നടത്തുന്നതാണ്.
7. ട്രാൻസ്ഫർ നോംസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് സംഘടനയുടെ നിർദ്ദേശം സമർപ്പിക്കുവാൻ ഡോ. വിനു ഭാസ്കർ (കൺവീനർ), പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, ഡോ. പ്രിൻസ് പി.ആർ, ഡോ. വിഷ്ണു വി. എസ്., ഡോ. റോസ്നിക്സ് പി. കെ. എന്നിവർ അടങ്ങുന്ന സമിതി രൂപീകരിച്ചു.
8. വനിതാസബ് കമ്മറ്റിയുടെ നേതൃത്വത്തിൽ തലസ്ഥാനത്ത് വെച്ച് ഏകദിന ശില്പശാല നടത്തുവാൻ തീരുമാനിച്ചു.
9. ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള യു.ജി.സി. അരിയർ ലഭിക്കാൻ ഐഫെക്ടോ തലത്തിൽ കേന്ദ്രത്തിൽ ഇടപെടൽ നടത്തുന്നതാണ്.

10. സമീപകാലത്ത് ആരംഭിച്ച ഗവ. കോളേജുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സർക്കാരിന് കത്ത് നൽകും.
11. നാലു വർഷ ഡിഗ്രി കോഴ്സുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാല തലത്തിൽ ഉയർന്നു വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ട ഇടപെടൽ നടത്തും.
12. കാര്യവട്ടം ഗവ.കോളേജിന് അകാരണമായി കേരള സർവ്വകലാശാല ഫൈൻ ഏർപ്പെടുത്തിയ വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
13. പുതിയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട അധ്യാപകരുടെ ആശങ്കകൾ പരിഹരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
20-07-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി